# പ്രിയദർശനം

എൻ. കുമാരനാശാൻ

ആധുനിക മലയാളകവിത്രയത്തിൽ ഒരാൾ. തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽ നിന്നു വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ. ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്.എൻ.ഡി.പി. യോഗം സെക്രട്ടറി എന്ന നിലയിൽ സമുദായപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു.

പ്രധാന കൃതികൾ

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, കരുണ, പുഷ്പവാടി.

## പര്യായം

1. നദിനം : താമര, പങ്കജം
2. കേഴുക : കരയുക, വിലപിക്കുക
3. കണ്ണുനീർ : അശ്രു, നേത്രജലം
4. മുഖം : ആനനം, ആസ്യം
5. മൊഴി : ഉക്തി, വചസ്സ്, വാക്ക്
6. ഉപരി : പുലരി, പ്രഭാതം, കാലൈ
7. സുമം : കുസുമം, സൂനു, പുഷ്പം
8. വല്ലി : വള്ളി, വല്ലരി
9. ദർശനം : കാഴ്ച, ദൃശ്യം
10. തന്വി : സ്ത്രീ, വനിത, സുന്ദരി

## അർഥവ്യത്യാസം

1. ദർശനം : കാഴ്ച
2. ദർഘ്യനം : കണ്ണാടി
3. പാടലം : പുഷ്പം
4. പാടവം : സാമർഥ്യം
5. ആദ : ശോഭ
6. ആട : വസ്ത്രം
7. നേതാവ് : നയിക്കുന്നവൻ

## സന്ധി

1. വടിവിയന്നു - വടിവ് + ഇയന്നു (ലോപസന്ധി)
2. ചിരമനേനാ - ചിരം + അനേനാ (ആഗമം)
3. സുഖോദയം - സുഖ + ഉദയം (ഗുണസന്ധി)
4. സുമോഹനം - സുമ + ഓഹനം (ഗുണസന്ധി)
5. ആരത് - ആര് + അത് (ലോപസന്ധി)
6. കനിഞ്ഞവൻ - കനിഞ്ഞ് + അവൻ (ലോപം)
7. മധുരമായ - മധുരം + ആയ (ആഗമം)
8. സ്മൃതിയിൽ - സ്മൃതി + ഇൽ (ആഗമസന്ധി)
9. വരുന്നയേ - വരുന്നു + അയേ (ലോപസന്ധി)
10. കേഴുമയി - കേഴും + അയി (ആഗമം)

11. നമുക്കായേ - നമുക്ക് + ആയേ (ലോപസന്ധി)

12. പിന്നെയൊന്ന് - പിന്നെ + ഒന്ന് (ആഗമ)

13. എന്തതൊതുക - എന്ത് + അതൊതുക (ലോപ)

14. ഒരുപകാരം - ഒരു + ഉപകാരം (ലോപ)

15. വല്ലിയായി. - വല്ലി + ആയി (ആഗമസന്ധി)

സമാസം

1. രാവൽപദം - രാവാന്റെ പദം

2. സുഖോദയം - സുഖത്തിന്റെ ഉദയം

3. സ്വാക്ഷരപരിപാടലം - സ്വാക്ഷരത്താൽ പരിപാടലം (പ്രയോജിക)

4. സുമോപമം - സുമത്തോട് ഉപമം (സുയോജിക)

5. ജന്മകുരുന്ന് - ജന്മത്തായ കുരുന്ന് (കർമ്മ)

6. പ്രണയചാപല്യം - പ്രണയത്താൽ ചാപല്യം (പ്രയോജിക)

7. കർമ്മനീതർ - കർമ്മത്താൽ നീതർ

8. സ്വജീവിതം - സ്വന്തമായ ജീവിതം (കർമ്മ)

## പ്രിയദർശനം

അഖിലം - എല്ലാം
അമല - പരിശുദ്ധ
അർഥി - ആഗ്രഹിക്കുന്ന / യാചിക്കുന്ന ആൾ
അയേ - അല്ലയോ
ആഭ - ശോഭ
ആസ്ഥയാൽ - ആഗ്രഹത്താൽ
ഇണ്ടൽ - ദുഃഖം
നിജകർമ്മനീതരായ് - അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട്
ചാരു - ഭംഗി
ചിരം - വളരെ
തന്വി - സുന്ദരി
ദിഷ്ടം - ഭാഗ്യം
പരിപാടലം - ആകെ ചുവപ്പായത്
പാരം - ഏറ്റം
ഭവൽപ്പദം - അങ്ങയുടെ സന്നിധി

5.12.17 ഉത്തരം എഴുതുക

Q1. 'ഭാവാനുപണ്ടിഷ്ടയാം 'നളിനി' ഞാൻ' — നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം? പരിച്ചപ്പെയ്യുക

2: സ്നേഹനായകനായ കുമാരനാശാന്റെ സ്ത്രീപക്ഷ കവിതയായ 'നളിനി'യിലെ വികാരഭരിതമായ ഒരു രംഗമാണ് 'പ്രിയദർശനം' എന്ന പാഠഭാഗം.

വളരെക്കാലത്തെ വരിഹത്തിനുശേഷം അപ്രതീക്ഷിതമായി നളിനി ദിവാകരയോഗിയെ കണ്ടുമുട്ടുന്നു. ആദ്യദർശനത്തിൽ തന്നെ നളിനിക്ക് ദിവാകരനെ മനസ്സിലായി. എന്നാൽ ദിവാകരന്നു നളിനിയെ മനസ്സിലായില്ല.

ഈ സന്ദർഭത്തിൽ ദിവാകരന് ഏറ്റവും എളുപ്പത്തിൽ മനസ്സിലാകാനായാണ് 'പണ്ടിഷ്ടയാം നളിനി' എന്ന് അവൾ സ്വയം പരിചയപ്പെടുത്തിയത്. ദിവാകരനും ഒരിക്കൽ അവളെ ഇഷ്ടപ്പെട്ടിരുന്നു എന്ന സൂചനയും ഇവിടെ ലഭിക്കുന്നു.

മഹാകവി കുമാരനാശാന്റെ ഭാഷാപ്രയോ-

ഗത്തിലുള്ള സാമർഥ്യവും ഇവിടെ വ്യക്തമാകുന്നു.

Q2. "ധീരനായ യതി നോക്കി തന്വിതൻ ദൂരിബ്ബാഷ്പപരിപാടലം മുഖം, പൂരിതാദയൊടുഷസ്സിൽ മഞ്ഞുതൻ-ധാരയാർന്ന പനിനീർസുമോപമം."

→ ദിവാകരനെയും നളിനിയെയും സൂചിപ്പിക്കാൻ ഈ കാവ്യഭാഗത്തുപയോഗിച്ച പദങ്ങൾ ഏതെല്ലാം.

→ പ്രഭാതത്തിലെ സൂര്യസാന്നിധ്യം കൊണ്ട് പനിനീർപ്പു വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിനു മിഴിവേകുന്നതെങ്ങനെ?

ഉ: മഹാകവ്യമെഴുതാതെ തന്നെ മഹാകവിയായ കുമാരനാശാന്റെ മനോഹരമായ ഒരു കാവ്യശില്പമാണ് 'നളിനി'. അതിലെ വികാരപൂർണ്ണമായ ഒരു ഭാഗമാണ് 'പ്രിയദർശനം' എന്ന പാഠഭാഗം.

ദിവാകരൻ സൂര്യനാണ്, നളിനി താമരയും. തന്നിരിക്കുന്ന വരികളിൽ

കണ്ണീരു വീണു നനഞ്ഞ നളിനിയുടെ ഇളംചുവ-
പ്പ് നിറമുള്ള മുഖത്തെ, മഞ്ഞുകണങ്ങളാൽ
അലങ്കരിക്കപ്പെട്ട പനിനീർപ്പൂവിനോട്
അഭേദകല്പന ചെയ്തിരിക്കുന്നു.

പ്രഭാതത്തിൽ സൂര്യസാമീപ്യം കൊണ്ട്
വികസിക്കുന്ന പനിനീർപ്പൂവിനോട് നളിനിയുടെ
മുഖത്തെ അഭേദകല്പന ചെയ്തിരിക്കുന്നതിനാൽ
അലങ്കാരം 'രൂപകം' - ആവർണ്യത്തൊടു
വർണ്യത്തിനഭേദം ചൊൽക രൂപകം -
എന്ന് ലക്ഷണം.

Q3. "പോയതൊക്കെയഥവാ നമുക്കയോ
പ്രായവും സപദി മാറി കാര്യവും" -
ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ
പൊരുൾ കണ്ടെത്തുക.

ഉ:

ഉ: മഹാകാവ്യമെഴുതാതെ തന്നെ
മഹാകവിയായ കുമാരനാശാന്റെ മനോഹര-
മായ ഒരു കാവ്യശില്പമാണ് 'നളിനി'.
അതിലെ വികാരപൂർണ്ണമായ ഒരു ഭാഗമാണ്
'പ്രിയദർശനം' എന്ന പാഠഭാഗം.

ദിവാകരനോടുള്ള തന്റെ പ്രണയം നളിനി വെളിവാക്കുമ്പോൾ, ദിവാകരൻ നൽകുന്ന മറുപടിയാണ് പ്രസ്തുതം. പഴയ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട് അവൻ കഴിയുന്നതിലെ അർഥശൂന്യത ദിവാകരൻ സൂചിപ്പിക്കുന്നു.

നമ്മുടെ പ്രായവും ചിന്താശക്തിയും മാറിയെന്നും. ഇതുവരും സന്ദർഭത്തിന്റെ വഴി തിരഞ്ഞെടുത്തതിനാൽ നളിനിയുടെ പ്രണയത്തെ മറ്റൊരു രീതിയിൽ മാത്രമേ തനിക്കു കാണാൻ കഴിയൂ എന്നുമാണ് ദിവാകരൻ പറയുന്നത്. നളിനിയുടെ മനസ്സിൽ അപ്പോഴുമുണ്ടായിരുന്ന പ്രണയം തങ്ങളുടെ അവസ്ഥയ്ക്കു ചേർന്നതല്ല. അതിനാൽ സമയം പാഴാക്കരുത് എന്ന ഉപദേശം കൂടിയാണ് ഇവിടെ കാണുന്നത്.

Q4. ശബ്ദഭംഗി കണ്ടെത്തിയെഴുതുക.

- "കഷ്ടകാലമവിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ.വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനുപ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതെ"
- "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ"

2. കുമാരനാശാന്റെ കവിതകൾ ശബ്ദഭംഗിയും അർഥാംഭീരട്യവും കൊണ്ട് ശ്രദ്ധിക്കപ്പെടുന്നു. 'നളിനി'യിലെ പ്രസ്തുത വരികൾ ഇതിനുദാഹരണമാണ്.

തന്നിരിക്കുന്ന രണ്ടു ഖണ്ഡങ്ങളിലും ദ്വിതീയാക്ഷര പ്രാസം കാണാം. നാലുവരികളിലെയും രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നതിനാണ് ദ്വിതീയാക്ഷര പ്രാസമെന്ന് പറയുന്നത്. ആദ്യഖണ്ഡത്തിൽ 'ഷ്ട' എന്ന അക്ഷരവും രണ്ടാം ഖണ്ഡത്തിൽ 'ണ്ട' എന്ന അക്ഷരവും ഇപ്രകാരം വന്നിരിക്കുന്നു.

കവിത സംവദിക്കുന്ന വികാരങ്ങ-
ളോടുചേർന്ന പദപ്രയോഗമാണ് കവി
ഉപയോഗിച്ചിരിക്കുന്നത്.

Q:5. "അനുജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"
- കുമാരനാശാൻ
"അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരനു സുഖത്തിനായി വരേണം
- ശ്രീനാരായണഗുരു.
കാവ്യഭാഗങ്ങളിലെ ജീവിതവീക്ഷണം
താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

A: കുമാരനാശാന്റെ 'നളിനി'യുടെ
ചൊരുളാണ് 'അനുജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേചികൾ' എന്നത്.
ദിവാകരൻ നളിനിയോടു പറയുന്ന ഈ
വാക്കുകൾ, കവിയുടെ ജീവിത ദർശനം
വെളിവാക്കുന്നു. മറ്റുള്ളവർക്കുവേണ്ടി
ജീവിക്കുമ്പോൾ ആണ് ഒരാളുടെ ജീവിതം
ശ്രേഷ്ഠമാകുന്നത്.

ആവനവനാത്മസുഖത്തിനാപരിക്കുന്നവ
യപരന്നു സുഖത്തിനായി വരേണം എന്ന
ശ്രീനാരായണഗുരുവിന്റെ ഉപദേശവും ഇതേ
ആശയം തന്നെ നൽകുന്നു.
സ്വന്തം സുഖത്തിനായി ചെയ്യുന്ന കർമ്മങ്ങൾ
മറ്റുള്ളവർക്കുകൂടി സുഖം നൽകുന്നതാകണം
എന്നാണ് അദ്ദേഹം ഉപദേശിക്കുന്നത്.
ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിരുന്ന
ആശാനെ, ഗുരുവിന്റെ വചനങ്ങളും
ആശയങ്ങളും സ്വാധീനിച്ചിരുന്നു. സ്വാർത്ഥത
വെടിഞ്ഞ് ജീവിക്കുവാനുള്ള പ്രചോദനമാണ്
രണ്ടുസന്ദർഭങ്ങളിലും കാണുന്നത്.